ചന്ദ്രിക

# ജർമൻ ഭാഷാ പഠനത്തിന് നോർക്കയുമായി ധാരണ

കൊച്ചി: അമൃത കോളജ് ഓഫ് നഴ്സിങ് കൊച്ചി ക്യാമ്പസിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്റർ പ്രവർത്തനമാരംഭിച്ചു. വിദേശത്ത് തൊഴിൽ തേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് നഴ്സിങ് പഠനത്തിനൊപ്പം ജർമൻ ഭാഷാ പഠനവും സാധ്യമാക്കുന്നതാണ് പദ്ധതി. കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ചടങ്ങിൽ മേയർ എം.അനിൽ കുമാർ ഉദ്ഘാടനം നിർവഹിച്ചു. അമൃത നഴ്സിങ് കോളജ് പ്രിൻസിപ്പൽ ഡോ.കെ.ടി മോളി, വൈസ് പ്രിൻസിപ്പൽ പ്രൊഫ.ഷീല പവിത്രൻ, നോർക്ക റൂട്ട്സ് ജനറൽ മാനേജർ രശ്മി ടി, അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ, ആശുപത്രി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ.അശ്വതി എസ്, ഡോ.അനില കെ.പി തുടങ്ങിയവർ സംസാരിച്ചു.

chi@gmail.com

Kochi Edition
Aug 27, 2025 Page No. 2
Powered by: erelego.com

കേരള കൗമുദി
SINCE 1911
Ernakulam 26 Aug 2025



# ജർമൻ: നോർക്ക - അമൃത ധാരണ

കൊച്ചി: അമൃത കോളേജ് ഓഫ് നഴ്സിംഗ് കൊച്ചി ക്യാമ്പസിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്റർ പ്രവർത്തനമാരംഭിച്ചു. നഴ്സിംഗ് പഠനത്തിനൊപ്പം ജർമൻ ഭാഷാപഠനവും സാദ്ധ്യമാക്കുന്നതാണ് പദ്ധതി. നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്റർ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ നിർവഹിച്ചു. നോർക്ക റൂട്ട്സ് ജനറൽ മാനേജർ രശ്മി ടി മുഖ്യാതിഥിയായി. പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി അദ്ധ്യക്ഷത വഹിച്ചു. ധാരണാപത്രം നോർക്ക റൂട്ട്സ് ജനറൽ മാനേജർ ടി. രശ്മി അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർക്ക് കൈമാറി. അമൃത ആശുപത്രി കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. എസ്. അശ്വതി, വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ, പ്രൊഫ.ഡോ. അനില കെ.പി എന്നിവർ സംസാരിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Ernakulam

മാതൃഭൂമി

# നഴ്സിങ് വിദ്യാർഥികളുടെ ജർമൻഭാഷാ പഠനം; നോർക്കയുമായി കൈകോർത്ത് അമൃത

**കൊച്ചി▸** അമൃത കോളേജ് ഓഫ് നഴ്സിങ് കൊച്ചി കാമ്പസിൽ നോർക്ക റൂട്സ് സാറ്റലൈറ്റ് സെന്റർ പ്രവർത്തനമാരംഭിച്ചു. വിദേശത്ത് തൊഴിൽ തേടാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് നഴ്സിങ് പഠനത്തിനൊപ്പം ജർമൻ ഭാഷാപഠനവും സാധ്യമാക്കുന്നതാണ് പദ്ധതി.



▶ അമൃത കോളേജ് ഓഫ് നഴ്സിങ്ങിൽ നോർക്ക റൂട്സ് സാറ്റലൈറ്റ് സെന്റർ ഉദ്ഘാടനം ചെയ്ത് കൊച്ചി കോർപ്പറേഷൻ മേയർ എം. അനിൽ കുമാർ സംസാരിക്കുന്നു

കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ചടങ്ങിൽ നോർക്ക റൂട്സ് സാറ്റലൈറ്റ് സെന്റർ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ മേയർ എം. അനിൽകുമാർ നിർവഹിച്ചു. അമൃത നഴ്സിങ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി അധ്യക്ഷയായ ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീലാ പവിത്രൻ സംസാരിച്ചു. നോർക്ക റൂട്സ് ജനറൽ മാനേജർ ടി. രശ്മി ചടങ്ങിൽ മുഖ്യാതിഥിയായി.

അമൃത കോളേജ് ഓഫ് നഴ്സിങ്ങും നോർക്ക റൂട്സും തമ്മിലുള്ള ധാരണാപത്രം നോർക്ക റൂട്സ് ജനറൽ മാനേജർ ടി. രശ്മി, അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർക്ക് കൈമാറി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ജർമൻ ഭാഷാ പഠനം: നോർക്കയുമായി കൈകോർത്ത് അമൃത

**കൊച്ചി:** അമൃത കോളേജ് ഓഫ് നഴ്സിംഗ് കൊച്ചി ക്യാംപസിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്റർ പ്രവർത്തനമാരംഭിച്ചു. വിദേശത്ത് തൊഴിൽ തേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് നേഴ്സിംഗ് പഠനത്തിനൊപ്പം ജർമൻ ഭാഷാ പഠനവും സാധ്യമാക്കുന്നതാണ് പദ്ധതി. കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ചടങ്ങിൽ കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽ കുമാർ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. അമൃത നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി അധ്യക്ഷത വഹിച്ചു. നോർക്ക റൂട്ട്സ് ജനറൽ മാനേജർ ടി. രശ്മി മുഖ്യാതിഥിയായിരുന്നു. അമൃത കോളേജ് ഓഫ് നഴ്സിംഗും നോർക്ക റൂട്സും തമ്മിലുള്ള ധാരണാപത്രം നോർക്ക റൂട്ട്സ് ജനറൽ മാനേജർ ടി. രശ്മി അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർക്ക് കൈമാറി. വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ, അമൃത ആശുപത്രി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. എസ് അശ്വതി, അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രൊഫസർ ഡോ.കെ.പി അനില തുടങ്ങിയവർ സംസാരിച്ചു.

വീക്ഷണം
VEEKSHANAM MALAYALAM DAILY . SINCE 1978

# നഴ്സിംഗ് വിദ്യാർത്ഥികളുടെ ജർമൻ ഭാഷാ പഠനത്തിന് നോർക്കയുമായി കൈകോർത്ത് അമൃത

കൊച്ചി: അമൃത കോളേജ് ഓഫ് നഴ്സിംഗ് കൊച്ചി ക്യാംപസിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്റർ പ്രവർത്തനമാരംഭിച്ചു. വിദേശത്ത് തൊഴിൽ തേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് നഴ്സിംഗ് പഠനത്തിനൊപ്പം ജർമൻ ഭാഷാ പഠനവും സാധ്യമാക്കുന്നതാണ് പദ്ധതി. ജർമ്മൻ ഭാഷ സർക്കാർ സംവിധാനമായ നോർക്കയുടെ കീഴിൽ പഠിക്കാൻ സാധിക്കുന്നതോടെ ഈ മേഖലയിൽ വിദ്യാർത്ഥികൾ നേരിടുന്ന ചൂഷണത്തിനും പരിഹാരമാകും. കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ചടങ്ങിൽ നോർക്ക റൂട്ട്സ് സാറ്റലൈറ്റ് സെന്റർ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽ കുമാർ നിർവഹിച്ചു. അമൃത നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി അധ്യക്ഷയായ ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ പ്രൊഫ. ഷീല പവിത്രൻ സ്വാഗതം ആശംസിച്ചു. നോർക്ക റൂട്ട്സ് ജനറൽ മാനേജർ രശ്മി ടി ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. അമൃത കോളേജ് ഓഫ് നഴ്സിംഗും നോർക്ക റൂട്സും തമ്മിലുള്ള ധാരണാപത്രം നോർക്ക റൂട്ട്സ് ജനറൽ മാനേജർ രശ്മി ടി അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർക്ക് കൈമാറി. അമൃത ആശുപത്രി കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. അശ്വതി എസ് ചടങ്ങിന് ആശംസ അറിയിച്ചു. അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രൊഫസർ ഡോ. അനില കെ.പി. ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.



*അമൃത കോളേജ് ഓഫ് നഴ്സിംഗും നോർക്ക റൂട്സും തമ്മിലുള്ള ധാരണാപത്രം നോർക്ക റൂട്ട്സ് ജനറൽ മാനേജർ രശ്മി ടിയും അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായരും കൈമാറുന്നു.*